പതിനാലാം കേരള നിയമസഭ

18-ാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ.1315 06.02.2020-ൽ മറുപടിക്ക്

സർക്കാർ ഭൂമി കയ്യേറിയതിന് നടപടി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.പി.ടി. തോമസ് | | ശ്രീ. ഇ. ചന്ദ്രശേഖരൻ (ബഹു.റവന്യൂവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി) | |
| (എ) | കാപ്പികോ റിസോർട്ട് സർക്കാർ ഭൂമി കയ്യേറി നിർമ്മിച്ചതാണെന്ന് കണ്ടെത്തിയിട്ടുണ്ടോ; എങ്കിൽ എത്ര ഹെക്ടർ സർക്കാർ ഭൂമി കയ്യേറിയെന്നാണ് കണ്ടെത്തിയിട്ടുള്ളത്; | (എ) | സർക്കാർ ഭൂമി കയ്യേറിയിട്ടുണ്ട്. 2.9397 ഹെക്ടർ ഭൂമി കൈയേറിയതായി കണ്ടെത്തിയിട്ടുണ്ട്. |
| (ബി) | 1957-ലെ ഭൂവിനിയോഗ നിയമപ്രകാരം സർക്കാർ ഭൂമി അനധികൃതമായി കൈവശം വയ്ക്കുന്നവർക്ക് എന്ത് ശിക്ഷയാണ് നിശ്ചയിച്ചിട്ടുള്ളത് എന്ന് അറിയിക്കുമോ; | (ബി) | 1957-ലെ ഭൂസംരക്ഷണ നിയമം പ്രകാരമാണ് അനധികൃത സർക്കാർ ഭൂമി കൈയ്യേറ്റക്കാർക്കെതിരെ നടപടികൾ സ്വീകരിച്ച് വരുന്നത്. 1957-ലെ ഭൂസംരക്ഷണ നിയമം 7(a) പ്രകാരം സർക്കാർ ഭൂമിയിൽ നിയമ വിരുദ്ധമായി പ്രവേശിക്കുകയോ കൈവശം വയ്ക്കുകയോ ചെയ്യുകയാണെങ്കിൽ മൂന്നു വർഷത്തിൽ കുറയാത്തതും അഞ്ചു വർഷം വരെയാകാവുന്നതുമായ തടവു ശിക്ഷയോ അമ്പതിനായിരം രൂപയിൽ കുറയാത്തതും പരമാവധി രണ്ടു ലക്ഷം രൂപ വരെയാകാവുന്നതുമായ പിഴയോ അല്ലെങ്കിൽ രണ്ടും കൂടിയോ നൽകി ശിക്ഷിക്കുന്നതിന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. |
| (സി) | പ്രസ്തുത റിസോർട്ട് നിർമ്മിച്ചത് തണ്ണീർത്തട സംരക്ഷണ നിയമത്തിലെ വ്യവസ്ഥകൾ ലംഘിച്ചാണെന്ന് കണ്ടെത്തിയിട്ടുണ്ടോ; എങ്കിൽ ഇതിന്റെ അടിസ്ഥാനത്തിൽ ഇതിനകം സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ? | (സി) | കാപ്പികോ റിസോർട്ടിന്റെ കൈവശമുള്ള ചില സർവ്വെ നമ്പരുകൾ ഡാറ്റാബാങ്കിൽ ഉൾപ്പെട്ടിട്ടുള്ളതാണെന്നു കണ്ടെത്തിയിട്ടുണ്ട്. നിലവിൽ കോടതി കേസുകൾ ഇല്ലാത്തതിനാൽ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമത്തിലെ വ്യവസ്ഥകൾ ലംഘിച്ചതായി കണ്ടെത്തുന്ന പക്ഷം ടി നിയമ പ്രകാരം നടപടി സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ